(ബി) സർക്കാർ/അർദ്ധ സർക്കാർ ഏജൻസികൾ എന്ന പേരിൽ ഗ്രാമപഞ്ചായത്തുകൾ ടെണ്ടറുകളില്ലാതെ ഉപകരണങ്ങൾ വാങ്ങുന്നത് തടയാൻ ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) തെരുവുവിളക്കുകളിൽ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകമോ ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമാഹരണത്തിനായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ., തീയതി 8-11-2010 (പ്രൊക്വർമെന്റ് മാന്വൽ) പ്രകാരം ഉത്തരവായിട്ടുണ്ട്. സമാഹരണ പ്രക്രിയയിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പ്രസ്തുത മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പര്യാപ്തമാണ്.

(ബി) സർക്കാർ/അർദ്ധ സർക്കാർ ഏജൻസികളിൽനിന്നും വാങ്ങുന്ന ഉപകരണങ്ങളുടെയും ഉല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന ഉല്പന്നങ്ങൾ മാത്രമേ ടെണ്ടർ പ്രക്രിയ കൂടാതെ സമാഹരണം നടത്താവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് 10-11-2009-ൽ 17166/എഎ 3/2009/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 20,000 രൂപയ്ക്ക് മുകളിൽ വില വരുന്ന സാധനങ്ങൾ മത്സരാധിഷ്ഠിത രീതിയിൽ വാങ്ങുവാൻ ഇ-ടെണ്ടർ സംവിധാനം ഉപയോഗിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നതാണ്.

(സി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17)-യുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും സംബന്ധിച്ച മാർഗ്ഗ രേഖ ഖണ്ഡിക 7.9 പ്രകാരം തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി. ലാമ്പുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം നല്കിയിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവഹണത്തിന് അനുവദിച്ച തുക

**276 (1649)** <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുകയുടെ പദ്ധതി നിർവ്വഹണത്തിനാണ് അംഗീകാരം നൽകിയതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി നിർവ്വഹണത്തിന് അനുവദിച്ച തുകയുടെയും അതിൽ വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) അംഗീകരിച്ച നൽകിയ വാർഷിക പദ്ധതികൾ പൂർത്തിയാകാതിരിക്കാനുള്ള കാരണങ്ങൾ പറയാമോ ;

(ഡി) പൂർത്തീകരിക്കാത്ത വാർഷിക പദ്ധതികൾ 2015-16 വർഷം നടപ്പിലാക്കുന്നതിന് മാറ്റിവച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ആകെ 11,91,589.50 ലക്ഷം രൂപ അടങ്കലുള്ള പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്.

(ബി) പദ്ധതി നിർവ്വഹണത്തിന് മുൻബാക്കിയും ബജറ്റ് വിഹിതവുമുൾപ്പെടെ 599623.22 ലക്ഷം രൂപ ലഭ്യമായിരുന്നു. അതിൽ 403257.93 ലക്ഷം രൂപ വിനിയോഗിച്ചു.

(സി) പശ്ചാത്തല മേഖലയിലെ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിൽ വന്ന കാലവിളംബവും കാലാവസ്ഥയിൽ വന്ന വ്യത്യാസങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് തുടങ്ങി വ്യത്യസ്തവും മുൻകൂട്ടി കാണാൻ കഴിയാതിരുന്നതുമായ ഒട്ടേറെ കാരണങ്ങൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾ പൂർത്തീകരിക്കാതിരിക്കാൻ കാരണങ്ങളായിട്ടുണ്ട്.

(ഡി) പൂർത്തീകരിക്കാത്ത വാർഷിക പദ്ധതികളിൽ 52914 എണ്ണം 2015-2016 വർഷം നടപ്പിലാക്കുന്നതിന് മാറ്റിവച്ചിട്ടുണ്ട്. ഇതിന്റെ അടങ്കൽ തുക 2,54,943.74 ലക്ഷം രൂപയാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുക

**277 (1650)** <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുക എത്രയെന്നറിയിക്കാമോ ; ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണിതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly